"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉപഭോക്തൃകാര്യ വകുപ്പ് - കൊല്ലം ജില്ലയിലെ പത്തനാപുരം ലീഗൽമെട്രോളജി ഇൻസ്പെക്ടർ ഓഫീസിനു വേണ്ടി വാടകയ്ക്ക് എടുത്തിട്ടുള്ള 92.22 sqm carpet area വരുന്ന കെട്ടിടം വാടകയ്ക്ക് എടുക്കാൻ അനുമതി നൽകിയും അതിനു കെട്ടിട ഉടമ സമ്മതിച്ച പ്രകാരം വാടക തുക 17000/- രൂപയായി നിശ്ചയിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

---

ഉപഭോക്തൃകാര്യവകുപ്പ്

സ.ഉ.(സാധാ) നം.15/2026/CAD തീയതി,തിരുവനന്തപുരം, 20-02-2026

---

പരാമർശം:-

1. 05.02.1981 ലെ സ.ഉ(കൈ) 113/81/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 ലെ സ.ഉ(കയ്യെഴുത്ത്) നം. 1/2022/PWD നമ്പർ സർക്കാർ ഉത്തരവ്.
3. കൊല്ലം പി.ഡബ്ല്യൂ.ഡി ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 01.04.2025 ലെ 22/EE/2024-25 നമ്പർ റെന്റ് സർട്ടിഫിക്കറ്റ്.
4. കെട്ടിട ഉടമ നൽകിയ 10.07.2024 ലെ സമ്മതപത്രം.
5. ലീഗൽ മെട്രോളജി കൺട്രോളറുടെ 12.08.2025 ലെ LMD-HQ/2809/2021-A4 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ പത്തനാപുരം ലീഗൽ മെട്രോളജി ഓഫീസ് പ്രവർത്തിച്ച് കൊണ്ടിരുന്ന കെട്ടിടം ഒഴിഞ്ഞു നൽകുന്നതിന് കെട്ടിടം ഉടമ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ടി ഓഫീസ് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ മറ്റൊരു കെട്ടിടം കണ്ടുപിടിക്കുന്നതിനു കൺട്രോളർ അനുമതി നൽകിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ പത്തനാപുരം താലൂക്ക് ഇൻസ്പെക്ടർ ഓഫീസ് പ്രവർത്തിക്കുന്നതിന് കൊല്ലം ജില്ലയിലെ പത്തനാപുരം വില്ലേജിലെ 469/6-39, 469/6-47-5, 469/6-47-7 എന്നി സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ടതും, പത്തനാപുരം ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ PMP 8/644, 645, 646, 647, 648, 649, 650 എന്നീ കെട്ടിട നമ്പരുകളിലുള്ളതും, നടുക്കുന്ന് നസീം മൻസിലിൽ ശ്രീ. ബാവ സാഹിബ് നസീമുദ്ദീന്റെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടം അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തതായി ലീഗൽ

മെട്രോളജി കൺട്രോളർ അറിയിക്കുകയുണ്ടായി. പ്രസ്തുത കെട്ടിടത്തിന്റെ വാടക നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്നും 46.65 sqm കാർപ്പെറ്റ് ഏരിയ കണക്കാക്കി പരാമർശം (3) പ്രകാരം റെന്റ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

ലീഗൽ മെട്രോളജി ഓഫീസ് പ്രവർത്തനത്തിന്, ഇൻസ്പെക്ടർ ഓഫീസുകളിൽ സജ്ജീകരിക്കേണ്ട അളവ് തൂക്ക ഉപകരണങ്ങൾ, മുദ്ര ചെയ്യുന്നതിന് ഉപയോഗിക്കുന്ന വർക്കിംഗ് സ്റ്റാൻഡേർഡുകൾ സൂക്ഷിക്കുന്ന ലാബ്, വിവിധ നിയമ ലംഘനങ്ങൾക്ക് പിടിച്ചെടുക്കുന്ന മെറ്റീരിയൽ സൂക്ഷിക്കുന്നതിനുള്ള ഉപകരണങ്ങൾ മുദ്ര ചെയ്തു നൽകുന്നതിന് ഓഫീസ് ക്യാമ്പ് സജ്ജീകരിക്കുന്നതിന് പ്രത്യേകം വേണ്ടുന്ന സ്ഥലം എന്നിവ ഉൾപ്പെടുത്തി 100 സ്ക്വയർ മീറ്റർ വരെ വിസ്തൃതിയുള്ള കെട്ടിടം ഇൻസ്പെക്ടർ ഓഫീസുകളുടെ പ്രവർത്തനത്തിന് ആവശ്യമാണ് എന്നും ആയതിനാൽ നിലവിലുള്ള സ്ഥലപരിമിതിയിൽ 92.22 m$^2$ കാർപെറ്റ് ഏരിയ വരുന്നകെട്ടിടം വാടകയ്ക്ക് എടുക്കാൻ അനുമതി നൽകണമെന്നും കൺട്രോളർ പരാമർശം (5) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ഓഫീസ് പ്രവർത്തിക്കുന്നതിന് അധികം വേണ്ടി വരുന്ന ഏരിയയ്ക്ക് PWD നിശ്ചയിച്ച നൽകിയിരുന്ന വാടകയേക്കാൾ കുറഞ്ഞ വാടക തുകയ്ക്ക് (Rs 17000/-) കെട്ടിടം വാടകയ്ക്ക് നൽകാമെന്ന് കെട്ടിട ഉടമ പരാമർശം (4) പ്രകാരം സമ്മതപത്രം നൽകിയിട്ടുള്ള സാഹചര്യത്തിൽ വാടക തുക 17000/- രൂപയായി നിശ്ചയിച്ച നൽകണമെന്നും ലീഗൽ മെട്രോളജി കൺട്രോളർ അപേക്ഷിക്കുകയുണ്ടായി. പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഇൻസ്പെക്ടർ ഓഫീസുകളുടെ പ്രവർത്തനത്തിന് 100 sqm വരെ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവ്, പി.ഡബ്ല്യു.ഡി നിശ്ചയിച്ച നിരക്കിനേക്കാൾ (**Rs.12797/- for 46.65 m$^2$; Rs 25,297/- for 92.22 m$^2$**) കുറഞ്ഞ നിരക്കിൽ ( Rs. 17000/-) ഉള്ള വാടക സ്വീകാര്യമാണ് എന്ന കെട്ടിട ഉടമയുടെ സമ്മതപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പത്തനാപുരം ഇൻസ്പെക്ടർ ഓഫീസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശ്രീ. നിസാമുദ്ദീൻ, നസിം മൻസിൽ, പത്തനാപുരത്തിന്റെ ഉടമസ്ഥതയിലുള്ള 92.22 sqm carpet area വരുന്ന കെട്ടിടം വാടകയ്ക്ക്

എടുക്കാൻ അനുമതി നൽകിയും , കെട്ടിട ഉടമ സമ്മതിച്ച പ്രകാരം പ്രതിമാസം 17000/- രൂപ വാടക നിശ്ചയിച്ച് നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRASANTH G S
അണ്ടർ സെക്രട്ടറി

കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ